"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - വകുപ്പിൽ ഉപയോഗിക്കുന്ന ഡിസൈനിംഗ് സോഫ്റ്റ്‌വെയറിന്റെ സബ്സ്ക്രിപ്ഷൻ കാലാവധി പുതുക്കിയ നടപടി സാധൂകരിച്ചും ഈ ആവശ്യത്തിനായി കെൽട്രോണിന് തുക അനുവദിക്കുന്നതിന് അനുമതി നല്കിയും ഡിസൈനിംഗ് സോഫ്റ്റ്‌വെയർ വർഷാവർഷം പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഏച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.229/2026/TAXES    തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 03.11.2025-ലെ SLTY/2213/ 2024-IT SD2 നമ്പർകത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ടിക്കറ്റ് ഡിസൈനിംഗിനായി കെൽട്രോൺ മുഖേന ലഭ്യമാക്കി ഉപയോഗിച്ച് വന്നിരുന്ന Adobe Creative Cloud all Apps - Pro for Teams (12 months annual subscription), CorelDRAW Graphics Suite എന്നീ സോഫ്റ്റ്‌വെയറുകളുടെ സബ്സ്ക്രിപ്ഷൻ കാലാവധി യഥാക്രമം 2025 ജൂലൈ 2 വരെയും 2025 ജൂൺ 28 വരെയുമായിരുന്നുവെന്നും, സബ്സ്ക്രിപ്ഷൻ ലൈസൻസ് സമയബന്ധിതമായി പുതുക്കിയില്ലെങ്കിൽ ദൈനംദിന ടിക്കറ്റ് ഡിസൈനിംഗ് പ്രവർത്തനങ്ങൾ നിലച്ചുപോകും എന്ന അടിയന്തര സാഹചര്യം ഉള്ളതിനാൽ ഇക്കാര്യം പരിഗണിച്ച് കെൽട്രോൺ സമർപ്പിച്ച ₹3,31,012/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച്, രണ്ട് സോഫ്റ്റ്‌വെയറുകളുടെ സബ്സ്ക്രിപ്ഷൻ ലൈസൻസ് പുതുക്കുന്നതിനായി സർക്കാർ സാധൂകരണത്തിന് വിധേയമായി കെൽട്രോണിന് സപ്ലൈ ഓർഡർ നല്കിയിരുന്നുവെന്നും പരാമർശത്തിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന്, ₹2,44,842/- ചെലവിൽ Adobe Creative Cloud all Apps - Pro (2 users) കെൽട്രോൺ മുഖേന പുതുക്കിയിട്ടുണ്ടെന്നും സാങ്കേതിക കാരണങ്ങളാൽ CorelDRAW Graphics Suite പുതുക്കാൻ സാധിച്ചില്ലെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. Adobe Creative Cloud all Apps - Pro for Teams (12 months annual subscription) പുതുക്കിയ ചെലവിനത്തിൽ ജിഎസ്ടി ഉൾപ്പെടെ ₹2,44,842/- 2075-00-103-94-59-17 എന്ന ശീർഷകത്തിൽ നിന്നും കെൽട്രോണിന് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും,അടിയന്തര സാഹചര്യത്തിൽ കെൽട്രോണിന് സപ്ലൈ ഓർഡർ നൽകേണ്ടിവന്ന നടപടി സാധൂകരിക്കണമെന്നും, വാർഷിക സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിനുള്ള തുക സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുടെ നയപ്രകാരം വർഷംതോറും വ്യത്യാസപ്പെടാറുള്ളതിനാൽ ഭാഗ്യക്കുറി ടിക്കറ്റ് ഡിസൈനിങ്ങിന് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെ

അനിവാര്യമായതിനാൽ, പ്രതിവർഷം ഇവ പുതുക്കുന്നതിനുള്ള അനുമതി നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാ നത്തിൽ, **Creative Cloud - all Apps - Pro for Teams (12 months annual subscription)** വാങ്ങുന്നതിന് കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ചും, ടി സോഫ്റ്റ്‌വെയറിന്റെ സബ്സ്ക്രിപ്ഷൻ പുതുക്കിയ ചെലവിനത്തിൽ ചരക്ക് സേവന നികുതി ഉൾപ്പെടെ **₹2,44,842/-** (രണ്ടുലക്ഷത്തി നാല്പത്തി നാലായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) **2075-00-103-94-99-IT** എന്ന ശീർഷകത്തിൽ നിന്നും കെൽട്രോണിന് അനുവദിക്കുന്നതിന് അനുമതി നൽകിയും, **Creative Cloud - all Apps - Pro for Teams** സോഫ്റ്റ്‌വെയറിന്റെ സബ്സ്ക്രിപ്ഷൻ, **2075-00-103-94-99-IT** എന്ന ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി, ടിക്കറ്റ് ഡിസൈനിംഗ് സോഫ്റ്റ്‌വെയറുകളുടെ സബ്സ്ക്രിപ്ഷൻ കാലാവധി അവസാനിക്കുന്ന മുറയ്ക്ക്, നിലവിലുള്ള വിപണിവിലയിൽ, വർഷാവർഷം അവ പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് **delegation** നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (**06.02.2026**-ലെ **3342562/Exp.B1/626/2025-Fin** പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (**TAXES-H1/362/2025-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 24-02-2026 10:07:13

സെക്ഷൻ ഓഫീസർ